

## ഇ.കെ. നായനാർ




ജീവിതത്തിന്റെ ഉച്ച വെയിലും പേമാരിയും കൊടുങ്കാറ്റുകളും കട ന്നാണ് നായനാർ വന്നത്. അനുഭവ പാഠങ്ങളുടെ തീക്ഷണതയിലൂടെ നടന്നു നീങ്ങിയ ഈ മനുഷ്യന് സാധാരണക്കാരെ അത്രമേൽ തിരിച്ചറിയാനായിരുന്നു. മുന്നിലിരിക്കുന്നവരുടെ വലിപ്പച്ചെറുപ്പം നയനാർ കണക്കിലെടുത്തിരുന്നില്ല. എത്രവലിയവനോടും ചെറിയവനോടും ഒരേ പോലെയാണദ്ദേഹം സംസാരിച്ചത്. കേരളത്തെയും മലയാളിയെയും ഇത്രയേറെ നന്നായി തിരിച്ചറിഞ്ഞവർ ചുരുക്കമാണ്.


## പൊൻകുന്നം വർക്കി



ജീവിതത്തിലും സാഹിത്യത്തിലും നിഷേധത്തിന്റെ കൊടുങ്കാറ്റ് കെട്ടഴിച്ചു വിട്ട പ്രതിഭ. സാഹിത്യലോകം ഇന്നീ മനുഷ്യന്റെ ഓർമ്മയ്ക്ക് മുമ്പിൽ തലകുനിക്കുന്നു. ഞാൻ മയങ്ങുന്ന മൂർഖനാണ് അവാർഡുകൾ തന്നെന്നെ ചേരയാക്കാൻ ശ്രമിക്കരുതെന്ന് പുരസ്കാര ലബ്ധിയുടെ മുഹൂർത്തത്തിൽ ഓർമ്മിപ്പിച്ച ഈ ധിക്കാരിക്കു മുമ്പിൽ ആദരാജ്ഞലികളുടെ പൂച്ചെണ്ടുകൾ.



## 3. വി.കെ.എൻ.



വടക്കേക്കൂട്ടായ നരായണൻ നായർ മലയാള സാഹിത്യത്തിൽ വ്യത്യസ്തമായ മുഖച്ഛായ സമ്മാനിച്ച അതികായന്മാരിൽ ഒരാളായിരുന്നു. മാന്ത്രിക യാഥാർത്ഥ്യത്തിന്റെ വിഭ്രമിപ്പിക്കുന്ന വാക്കുകളിലൂടെ ലാറ്റിനമേരിക്കയുടെ കണ്ണീരും കിനാവുമടങ്ങിയ കഥകൾ വഴി മാർകേസ് ആസ്വാദകരുടെ കരൾ പറിച്ചെടുത്തപ്പോൾ ചരിത്രത്തിന്റെയും ഭൂമി ശാസ്ത്രത്തിന്റെയും കനൽച്ചൂടിലിട്ട് പാകം ചെയ്ത കഥകളുമായി വി.കെ.എൻ. മലയാളമെന്ന കൊച്ചുഭാഷയുടെ സർഗാത്മകധിക്കാരമായി.

## 4. പ്രൊഫ. ടി.അബ്ദുള്ള



കോഴിക്കോട് ജില്ലയിലെ നൊച്ചാട് എന്ന സ്ഥലത്ത് തറവട്ടത്ത് മുഹമ്മദ് മുസ്ലിയാരുടെയും കട്ടയത്ത് ഫാത്തിമയുടെയും മകനായി 1924 ജൂലായ് 1ന് ജനിച്ച ടി.അബ്ദുള്ള സാഹിബ് 1951ൽ സാമ്പത്തിക ശാസ്ത്രത്തിൽ ഫാറൂഖ് കോളേജിലെ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1979ൽ ജോലിയിൽനിന്ന് വിരമിക്കുന്നതുവരെ കൊമേഴ്സ് വിഭാഗത്തിന്റെ മേധാവിയായി സേവനമനുഷ്ഠിച്ചു. വിവിധതരം വിദ്യാഭ്യാസ സാമൂഹ്യ സംഘടനകളുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന അദ്ദേഹം കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ 'Dean Faculty of Commerce' ആയിരുന്നു. ഇസ്ലാമിക സാമ്പത്തിക ശാസ്ത്രത്തിൽ അഗ്രഗണ്യനായിരുന്ന ഇദ്ദേഹം ഇംഗ്ലീഷിലും മലയാളത്തിലുമായി നിരവധി ലേഖനങ്ങളും പുസ്തകങ്ങളും എഴുതിയിട്ടുണ്ട്. 'ഖലീജ് ടൈംസി'ന്റെ കോളമിസ്റ്റായും പ്രവർത്തിച്ചിട്ടുണ്ട്.

2003ൽ ഈ ലോകത്തോട് വിടപറഞ്ഞ സാറിന് ഫാറൂഖിന്റെ ആദരാഞ്ജലികൾ. ❖

# ബഷീർ– ക്യാമ്പസിന്റെ പ്രിയ എഴുത്തുകാരൻ

വിപിൻ (ബി.ബി.എ. രണ്ടാം വർഷം)



മരണം ബഷീറിനെ ഈ ലോകത്തുനിന്നും ആട്ടിയോടിച്ചെങ്കിലും ഇന്നും കേരള മനസ്സുകളിൽ മരണമില്ലാതെ ബഷീർ ജീവിക്കുന്നു. സർഗ്ഗാത്മകതയുടെ ഏത് അളവുകോലിലും ബഷീർ അദ്വിതീയനാണ്. അന്നു നിലവിലുണ്ടായിരുന്ന പാരമ്പര്യവാദങ്ങളെ തകർത്തെറിഞ്ഞ് ജനങ്ങൾക്ക് ആസ്വാദ്യകരമായ ഭാഷാ പ്രയോഗത്തിലൂടെ മലയാളികളുടെ ഹൃദയം കവർന്ന ബേപ്പൂർ സുൽത്താൻ തന്നെയാണ് ഇന്നും ക്യാമ്പസിന്റെ പ്രിയപ്പെട്ട എഴുത്തുകാരിൽ മുന്നിട്ടു നിൽക്കുന്നത്.

ബഷീർ കൃതികളുടെ വരികൾക്കുള്ളിലേയ്ക്ക് ആഴ്ന്നിറങ്ങുമ്പോൾ കാണുവാൻ കഴിയുന്നത് ജീവിക്കുന്ന കഥാപാത്രങ്ങളേയും സാമൂഹ്യ സാഹചര്യത്തോട് പൊരുതുന്ന വ്യക്തിത്വങ്ങളേയുമാണ്. 'ബാല്യകാലസഖി'യും 'പാത്തുമ്മയുടെ ആടും' മലയാള സാഹിത്യലോകത്ത് പകരം വെയ്ക്കാനില്ലാത്ത കൃതികളാണ്.

❖

*മേതിൽ രാധാകൃഷ്ണന്റെ 'ബദൽ ബഷീർ' എന്ന ജീവചരിത്ര സംക്ഷേപത്തിൽനിന്ന് ഒരു ഭാഗം ചുവടെ ചേർക്കുന്നു. മരണത്തിനുപോലും ബഷീറിന്റെ സമകാലികതയെ കവച്ചു കടക്കാനാവില്ല. പക്ഷെ, ബഷീർ വളരെ പ്രാചീനമായൊരു പിറവിയുമാണ്. ഒരുപക്ഷെ വായനയുടെ അർത്ഥമെന്തെന്നുപോലും അറിയാത്ത പ്രായത്തിൽ തന്നെ ബഷീറിന്റെ കൃതികൾ വായിക്കാൻ തുടങ്ങിയതുകൊണ്ടാവാം, ജലം പോലെയും പാറ പോലെയും ഇഴജന്തുക്കൾ പോലെയും പണ്ടുതൊട്ടേ ഇവിടെയെവിടെയോ അദ്ദേഹം ഉണ്ടായിരുന്നെന്ന് തോന്നും.*

# നെരുദ – അനശ്വരതയുടെ തേരിലേറി...

(പ്രവീൺ കുമാർ, ബി.എ. ഇംഗ്ലീഷ്, ഒന്നാം വർഷം)



നെരുദയ്ക്ക് വിശദീകരണങ്ങളോ പരിചയപ്പെടുത്തലുകളോ ആവശ്യമില്ല. കാരണം നെരുദ വായിക്കപ്പെടുകയും പഠിപ്പിക്കപ്പെടുകയും ചെയ്യുന്നു. ലോകത്തെമ്പാടുമുള്ള പോരാട്ടങ്ങളുടെ ഹൃദയമിടിപ്പായിട്ട്, മരണം കൊണ്ട് മാഞ്ഞുപോകാതെ നൂറാം വയസ്സിലും നെരുദ ജീവിക്കുന്നു.

ചിലി- ലാറ്റിനമേരിക്കൻ മണ്ണിന്റെ വ്യത്യസ്തതയായി മാറുന്നത് നെരുദയിലൂടെയാണ്. സമരത്തിന്റെ, സ്നേഹത്തിന്റെ, സഹനത്തിന്റെ, നന്മയുടെ, കരുണയുടെ, പരിസ്ഥിതിയുടെ, ചിന്തയുടെ, യുക്തിയുടെ, സൗന്ദര്യത്തിന്റെ, ശാന്തിയുടെ ഒക്കെ മണ്ണാണ് നെരുദയുടെ കവിതകൾ

ഈ മണ്ണിൽ കിളിർക്കുന്നത് നിശ്ശബ്ദമായ ചിലിയൻ മഴക്കാടുകളും അവയിൽ അടക്കം ചെയ്തിരിക്കുന്നത് അഗ്നി പർവ്വതകങ്ങൾ, മഞ്ഞുമലകൾ, തടാകങ്ങൾ, സൈപ്രസ്സുകൾ, ജീർണ്ണിച്ച മരങ്ങൾ, മരങ്ങൾക്കകത്തെ പടുകൂറ്റൻ പൊത്തുകൾ, പച്ച നിറത്തിലെ ഇലതീനിപ്പുഴുക്കൾ, പുറംതൊലിയിൽ കൊളാഷുകൾ പേറുന്ന വമ്പൻ പാമ്പുകൾ, ആകാശത്തേയ്ക്ക് തള്ളിനിൽക്കുന്ന ഒറ്റക്കൊമ്പിലെ മഞ്ഞക്കിളികളുടെ സിംഫണി, മരത്തിന്റെ, വനത്തിന്റെ പാതാളത്തിലേയ്ക്ക് മരത്തലപ്പുകളുടെ അരിപ്പയിലൂടെ ശുദ്ധീകരിച്ച് വീണു നിറയുന്ന ജലതുള്ളികൾ, അവയിൽനിന്ന് ഉറവപൊട്ടുന്ന മഹാനദികൾ, അവയിലെ മത്സ്യങ്ങൾ, നദിക്കരയിലെ ജീവിതങ്ങൾ തുടങ്ങി അതിരില്ലാത്ത തിളച്ചുമറിയുന്ന പച്ചപ്പുകളാണ്. നെഫ്താലി റിക്കാർഡോ റെയ്സ് ബെസോൾട്ടോ എന്ന പാബ്ലോ നെരുദ നമ്മോടാവശ്യപ്പെടുന്നതും സമരോത്സുകരായിത്തീരാനാണ്. പ്രകൃതി കരിക്കപ്പെട്ടിരിക്കുമ്പോൾ, നദികൾ ഉണക്കക്കൊള്ളികളെപ്പോലെ തെറിച്ചുനിൽക്കുമ്പോൾ ഉയർത്തുന്ന മുഷ്ടികൾ തുണ്ടംതുണ്ടമായി മുറിക്കപ്പെടുമ്പോൾ ഇമചിമ്മി, വാ പിളർന്ന് സ്തംഭാത്മകതയിലേയ്ക്ക് ഊളിയിട്ടിറങ്ങാനല്ല. പ്രതിഷേധത്തിന്റെ പ്രതിരോധങ്ങൾ തീർക്കാനാണ് നെരുദ നമ്മോടാവശ്യപ്പെടുന്നത്.

❖

